LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കെ.എസ്.ആർ.ടി.സി. സെൻട്രൽ വർക്ക്ഷോപ്പിന്റെ ഭാഗമായി ഉള്ള 4 സെന്റ് സ്ഥലം ഖബറും, മുസ്ലീം പള്ളിയും മാറ്റി സ്ഥാപിക്കുന്നതിനായി അനുമതി നൽകി 26-9-2015-ൽ സ.ഉ.(കൈ) 81/2015/പൊ.മ.വ. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ മേൽ ആവശ്യത്തിലേയ്ക്കായി സ്ഥലം വിട്ടുനൽകുന്നതിന് കെ.എസ്.ആർ.ടി.സി. ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടില്ല.

എൽ.പി.ജി. ടാങ്കറുകളുടെ സുരക്ഷ

338 (2167) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് മാർഗ്ഗം ഗതാഗതം ചെയ്യപ്പെടുന്ന എൽ.പി.ജി. ടാങ്കറുകൾ ഗുരുതര അപകടങ്ങളുണ്ടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവയിലൂടെ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നുമുള്ള വിവരം അറിയിക്കുമോ ;

(സി) എൽ.പി.ജി. ടാങ്കറുകളുടെ ഗതാഗതം അപകടരഹിതമാക്കുന്നതിന് ആവശ്യമായ നിയന്ത്രണ, മുൻകരുതൽ നടപടികൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 88 എൽ.പി.ജി. ടാങ്കർ വാഹന അപകടങ്ങളിലായി 61 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം ചരക്കുകൾ കൊണ്ടുപോകുന്ന വലിയ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. 1-10-2006-ന് ശേഷം നിർമ്മിക്കപ്പെടുന്ന ഇത്തരം വാഹനങ്ങളിൽ ആന്റി ലോക്ക് ബ്രേക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ എല്ലാ വർഷവും അംഗീകൃത ഏജൻസികൾ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതും ആ വിവരം ഡ്രൈവിംഗ് ലൈസൻസിൽ എന്റോഴ്സ് ചെയ്യ സൂക്ഷിക്കേണ്ടതുമാണ്. ടാങ്കർ ലോറികളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും കർശനമായി പരിശോധിക്കുന്നുണ്ട്. തിരക്കേറിയ സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ നഗരത്തിലേക്ക് പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.